WEDNESDAY 07/05/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/05/2025

1. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് സംരംഭകത്വത്തിന്റെ അനന്ത സാധ്യതകളാണ് ഫാം ഫെസ്റ്റിലൂടെ വഴി തുറക്കുന്നതെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്. എറണാകുളം ജില്ലാ പഞ്ചായത്തും കാർഷിക വികസന കർഷകക്ഷേമ വകുപ്പും സംയുക്തമായി ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ സംഘടിപ്പിച്ച ഫാം ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സമൂഹത്തെ കൃഷിയുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫാം ഫെസ്റ്റ് ഒരുക്കിയിട്ടുള്ളത്. നൂറ് ശതമാനം ജൈവ കൃഷി ചെയ്യുന്നതും കാർബൺ നെഗറ്റീവുമായ ആലുവ വിത്തുല്പാദന കേന്ദ്രത്തിലാണ് ഫാം ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ഫാംസ്റ്റ് ഇന്ന് സമാപിക്കും.

2. കാർഷിക സർവ്വകലാശാലയുടെ അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം, സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാം എന്നിവയിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിൽ, കേന്ദ്ര കാർഷിക കർഷകക്ഷേമ മന്ത്രലയത്തിന്റെ കീഴിലുള്ള RKVY-RAFTAAR പദ്ധതിയിലൂടെയാണ് കാർഷിക ആശയങ്ങൾക്ക് അവസരങ്ങളൊരുക്കുന്നത്. നൂതന ആശയങ്ങളുള്ള കാർഷിക മേഖലയിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും, വിദ്യാർത്ഥികൾക്കും നവസംരംഭകർക്കും പ്രോഗ്രാമുകളിലേക്കായി അപേക്ഷിക്കാം. കാർഷിക മേഖലയിൽ വേറിട്ട ആശയങ്ങളുള്ളവരും വിദ്യാർത്ഥികളും അവ പ്രോട്ടോടൈപ്പുകളായി വികസിപ്പിച്ചെടുക്കുന്നതിനായി അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാമിലേക്കും (കെ.എ).യു. റെയ്സ് 2025), നിലവിൽ സംരംഭം തുടങ്ങിയവർ പ്രാട്ടോടൈപ്പുകളുടെ വിപുലീകരണത്തിനും വാണിജ്യവത്കരണത്തിനുമായി സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ

പ്രോഗ്രാമിലേക്കുമാണ് (കെ.എ).യു. പേസ് 2025) അപേക്ഷിക്കേണ്ടത്. കെ.എ).യു. റെയ്സ് 2025 പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയും പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്ന് തിരഞ്ഞെടുക്കുന്നവർക്ക് 5 ലക്ഷം രൂപ വരെ ഗ്രാന്റിനും അവസരമൊരുക്കുന്നു. നൂതന ആശയങ്ങളുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആശയങ്ങൾ സംരംഭമായി വികസിപ്പിക്കുന്നതിനുമായി 4 ലക്ഷം രൂപ വരെയുള്ള ധനസഹായവും പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. കെ.എ).യു. പെയ്സ് 2025 പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രോട്ടോടൈപ്പുകളുടെ വാണിജ്യവത്കരണത്തിനായുള്ള വിദഗ്ദ മാർഗ്ഗ നിർദ്ദേശങ്ങളും സാങ്കേതിക സാമ്പത്തിക സഹായവും 15 ദിവസത്തെ അധിക ഇൻക്യുബേഷൻ വർക്ക്ഷോപ്പും അഗ്രിബിസിനസ്സ് ഇൻക്യൂബേഷൻ സൗകര്യം ഉപയോഗപ്പെടുത്തുവാനുള്ള അവസരവും ലഭ്യമാക്കുന്നു. വിവിധ ഘട്ട സ്ക്രീനിങ്ങുകൾക്കു ശേഷം തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റും ലഭ്യമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ rabi@kau.in എന്ന ഇ-മെയിൽ വിലാസത്തിലേക്കോ അഗ്രിബിസിനസ്സ് ഇൻക്യബേറ്ററിലേക്ക് പോസ്റ്റ് വഴിയോ ഗൂഗിൾ ഫോം മുഖേനയോ അയക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 30.05.2025 (4 PM).**വിലാസം** ഡോ. കെ. പി സുധീർ, അഗ്രിബിസിനസ്സ് ഇൻക്യുബേറ്റർ മേധാവി, കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ്, കേരള കാർഷികസർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ - 680 656 e-mail: rabi@kau.in ഫോൺ നമ്പർ. 9778436265/ 0487 243 8332/ 8330801782/ 9496108185

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കൃഷിവകുപ്പിന് കീഴിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം എസ്.എഫ്.എ.സി. നടപ്പാക്കുന്ന ഫോർമേഷൻ ആൻ്റ് പ്രമോഷൻ ഓഫ് എഫ്.പി.ഒ. എന്ന പദ്ധതി അനുസരിച്ചുള്ള ആനുകൂല്യത്തിനായി തിരുവനന്തപുരം ജില്ലയിൽ നിന്ന് 6303 എഫ്.പി.ഒ.യെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് താല്പര്യമുള്ള എഫ്.പി.ഒ.കൾ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷഫോറവും അനുബന്ധ രേഖകളും 09.05.2024 ന് വൈകുന്നേരം 4.30 ന് മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിൻ്റെ മാതൃകയും മറ്റ് വിശദാംശങ്ങളും കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്നതാണ്.

4. വളം-കീടനാശിനി വ്യാപാരികൾക്കും താൽപര്യമുള്ളവർക്കും വേണ്ടി കായംകുളം കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടത്തി വരുന്ന ദേശി കോഴ്സിൻറെ (അഗ്രികൾച്ചർ എക്സ്റ്റെൻഷൻ സർവീസ് ഫോർ ഇൻപുട് ഡീലേഴ്സ് ഡിപ്ലോമ) 2024-25 വർഷത്തിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. നിലവിൽ വളം കീടനാശിനി വ്യാപാര ലൈസൻസ് ഉള്ളവർക്ക് ഗവൺമെന്റിൽ നിന്ന് 14,000 രൂപ സബ്സിഡി നിരക്കിലും അല്ലാത്തവർക്ക് 28,000 രൂപ ഫീസ് ഒടുക്കിയും പരിശീലനത്തിൽ പങ്കെടുക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 15. വിശദവിവരങ്ങൾക്ക് ആത്മ ആലപ്പുഴ ജില്ലാ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ 0477-2962961.

5. വെള്ളാനിക്കരയിലെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള സെൻ്റർ ഫോർ ഇ-ലേണിംഗ് (സിഇഎൽ) **'കാഡ് ഉപയോഗിച്ചുള്ള ലാൻഡ്സ്കേപ്പ്**

**ഡിസൈനിൻ്റെ അടിസ്ഥാനങ്ങൾ'** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2025 മെയ് 12 മുതൽ 16 വരെ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെയാണ് പരിശീലനം. രജിസ്ട്രേഷനുള്ള അവസാന തീയതി 2025 മെയ് 9 ആണ്. പരിശീലന ഫീസ് 1000 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0487 2438565, 8547837256, 9495943875 എന്നീ ഫോൺ നമ്പറുകളിലോ celkau. in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

6. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 12 മുതൽ 14 വരെ രാവിലെ 10 മുതൽ 4 മണി വരെ FARM IMPLEMENTS AND MACHINERY എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0466 2212279, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം ജില്ലയിൽ മൊബൈൽ സർജറി യൂണിറ്റിൽ സർജറി ബിരുദാനന്തര ബിരുദമുള്ള വെറ്ററിനറി ഡോക്ടറുടെ ഒരു ഒഴിവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഈ മാസം എട്ടാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് തമ്പാനൂർ എസ്എസ് കോവിൽ റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫി സിൽ അഭിമുഖം നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2330736.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം